പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം 275 | 20/06/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന കർശനമാക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ജെയിംസ് മാത്യു**<br>**,, പുരുഷൻ കടലുണ്ടി**<br>**,, സി.കെ. ഹരീന്ദ്രൻ**<br>**,, എം. നൗഷാദ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ റസ്റ്റോറന്റുകൾ, ബേക്കറികൾ, തട്ടുകടകൾ ഉൾപ്പെടെ പാകം ചെയ്ത ഭക്ഷണം വിൽക്കുന്ന കടകൾ വേണ്ടത്ര ശുചിത്വം പുലർത്തുന്നവയാണെന്ന് ഉറപ്പു വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | എ) | ഭക്ഷ്യസുരക്ഷാ വകുപ്പ് എല്ലാ ജില്ലകളിലും റെസ്റ്റാറന്റുകൾ, ബേക്കറികൾ, തട്ടുകടകൾ ഉൾപ്പെടെ പാകം ചെയ്ത ഭക്ഷണം വിൽക്കുന്ന കടകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ശുചിത്വ നിലവാരം ഉറപ്പു വരുത്തുന്നതിനു വേണ്ടി 2006ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കും പ്രകാരം രാത്രികാലങ്ങളിൽ ഉൾപ്പെടെ പരിശോധനകൾ നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. നിർദ്ദേശങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | ഇവയിൽ വലിയൊരു പങ്ക് സ്ഥാപനങ്ങളിലും രുചി വർദ്ധക രാസവസ്തുക്കൾ ചേർത്ത ആഹാരമാണ് വിൽക്കുന്നതെന്ന കാര്യം പരിഗണിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന കർശനമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. ഭക്ഷ്യപദാർത്ഥങ്ങളിൽ ചേർക്കുന്ന രുചി വർദ്ധക വസ്തുക്കൾ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഏതൊക്കെ ഭക്ഷണ പദാർത്ഥങ്ങളിൽ ചേർക്കാമെന്നും ഏതിലൊക്കെ ചേർക്കാൻ പാടില്ലായെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചേർക്കാവുന്ന ഭക്ഷണ പദാർത്ഥങ്ങളിൽ ആയതിന്റെ അളവിന് നിശ്ചിത പരിധിയും നിശ്ചയിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പരിശോധനകളിൽ ഭക്ഷണപദാർത്ഥങ്ങൾ ശേഖരിച്ച് എൻ.എ.ബി.എൽ അംഗീകാരം ലഭിച്ച ലബോറട്ടറികളിൽ പരിശോധന നടത്തി രുചി വർദ്ധക വസ്തുക്കളുടെ സാന്നിധ്യം കണ്ടെത്തിയാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നടപടി സ്വീകരിക്കാറുണ്ട്. ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും ഭക്ഷണ പദാർത്ഥങ്ങളിൽ രുചി വർദ്ധക വസ്തുക്കൾ ചേർക്കുന്നുണ്ടെങ്കിൽ ആ വിവരം പ്രദർശിപ്പിക്കണമെന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട് . ഹോട്ടലുകളിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിർദ്ദേശ പ്രകാരവും |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും ഉത്സവ സീസണുകളിലും പരിശോധനകൾ നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | വിപണിയിൽ ലഭിക്കുന്ന പച്ചക്കറികൾ, പഴങ്ങൾ, മത്സ്യം തുടങ്ങിയവ രാസവസ്തുക്കൾ ചേർത്തവയല്ലെന്ന് ഉറപ്പു വരുത്താൻ വ്യാപകമായ പരിശോധന നടത്തുമോ; പരിശോധനയ്ക്കുള്ള സജ്ജീകരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | സി) | വിപണിയിൽ ലഭിക്കുന്ന പച്ചക്കറികൾ, പഴങ്ങൾ, മത്സ്യം തുടങ്ങിയവയിൽ രാസവസ്തുക്കൾ ചേർത്തവയില്ലെന്ന് ഉറപ്പുവരുത്തുവാൻ വിപണന കേന്ദ്രങ്ങൾ, മാർക്കറ്റുകൾ, ചെക്ക് പോസ്ററുകൾ എന്നിവിടങ്ങളിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന നടത്തി വരുന്നു. കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലബോറട്ടറികളിൽ മത്സ്യം കേടാകാതിരിക്കാൻ ചേർക്കുന്ന രാസവസ്തുക്കളായ ഫോർമാലിൻ, സോഡിയം ബെൻസോയേറ്റ്, അമോണിയ അതിന്റെ സംയുക്തങ്ങൾ എന്നിവ പരിശോധിക്കുന്നതിനാവശ്യമായ ആധുനിക സംവിധാനങ്ങൾ നിലവിലുണ്ട്. കൂടാതെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുമായി സഹകരിച്ച് ഫോർമാലിൻ, അമോണിയ എന്നീ രാസവ്സുതുക്കളുടെ സാന്നിധ്യം പെട്ടെന്ന് കണ്ടുപിടിക്കുന്നതിന് പേപ്പർ സ്ട്രിപ്പുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതു പ്രകാരം ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ടി സ്ട്രിപ്പുകൾ ഉപയോഗിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യവിപണന സംഭരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പരീക്ഷണാർത്ഥം പരിശോധന നടത്തുകയും പരിശോധനയിൽ പ്രസ്തുത രാസവസ്തുക്കളുടെ സാന്നിധ്യം കണ്ടെത്തിയാൽ കൂടുതൽ പരിശോധന നടത്തുന്നതിനുവേണ്ടി പ്രസ്തുത സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ലാബുകളിൽ അയച്ച് പരിശോധിച്ച് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചു വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ